(ബി) ഈ ഭാഗം ഓരോ വെള്ളപ്പൊക്കം കഴിയുന്തോറും കൂടുതൽ കൂടുതൽ ഇടിഞ്ഞു വീഴുന്നത് ഒഴിവാക്കാനായി കഴിഞ്ഞ വർഷങ്ങളിൽ എന്തു നടപടി കൈക്കൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പണി നടത്തുന്നതിനായി ടെണ്ടർ നൽകിയിട്ടും പണി ഏറ്റെടുത്ത് നടത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം എം.എൽ.എ. ഇവിടെയുള്ള മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കാനായി അടിയന്തിര നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ടിട്ടും നടപടി കൈക്കൊള്ളാതിരിക്കാൻ കാരണമെന്ത് ;

(ഇ) കൂടുതൽ കര ഇടിഞ്ഞ് പുനലൂർ-മൂവാറ്റുപുഴ റോഡിലെ കുമ്പഴ പാലത്തിന് ഭീഷണി ആവാതിരിക്കാൻ ഈ വർഷം തന്നെ ഈ ഭാഗം കെട്ടി സംരക്ഷിക്കാൻ നടപടി കൈക്കൊള്ളാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ ഭാഗത്തെ തീരസംരക്ഷണത്തിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 49 ശതമാനം കൂടുതലായാണ് ടെണ്ടർ ലഭിച്ചിരുന്നത്. ടെണ്ടർ കമ്മിറ്റി അംഗീകരിച്ച 45 ശതമാനം ഉയർന്ന നിരക്കിൽ പണി നടത്താൻ കോൺട്രാക്ടർ തയ്യാറാവാതിരുന്നതിനാൽ കോൺട്രാക്ടറെ വിടുതൽ ചെയ്യുകയുണ്ടായി. ഈ പ്രവൃത്തി 2711-01-103-98 എഫ്. ഡി.(എൻ/പി) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പറഞ്ഞ കാരണങ്ങളാലാണ് ഈ പ്രവൃത്തി ഇതുവരെ ഏറ്റെടുക്കാൻ കഴിയാതിരുന്നത്.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതാണ്. കൂടാതെ കുമ്പഴ പാലത്തിന്റെ താഴ്വശം തീരസംരക്ഷണത്തിനായി 115 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കടയ്ക്കോട്-മരുതിക്കോട് കനാൽ റോഡിന്റെ പണി

28 (178) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി.എൽ.ബി. ഡിവിഷൻ നമ്പർ 5-ൽ പ്പെട്ട കടയ്ക്കോട്-മരുതിക്കോട് കനാൽ റോഡിന്റെ പണി ആരംഭിച്ചത് എന്നാണ് ;

(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പണി ഏറ്റെടുത്ത കരാറുകാരൻ ആരായിരുന്നു ;

(ഡി) ഈ കരാറുകാരൻ പണി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) പണിപൂർത്തിയാക്കാൻ കാലതാമസം വരുത്തിയ കരാറുകാരന്റെ കരാർ യഥാസമയം റദ്ദാക്കുകയും പണി റി-അറേഞ്ച് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുവാൻ 20-8-1999 ലെ 29710/ഐ.ആർ. ഒന്ന്/98 പ്രകാരം നിർദ്ദേശം നൽകിയിരുന്നോ ;

(എച്ച്) എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഐ) ഈ റോഡിന്റെ പണി റീ-അറേഞ്ച് ചെയ്യുന്നതിനായി തയ്യാറാക്കിയ 10,20,000 രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ അനുമതി നൽകിയിരുന്നുവോ ; ഇതു സംബന്ധിച്ച 30-11-1999 സർക്കാർ ഉത്തരവ് നം.1464/99/ഇറിഗേഷൻ ലഭ്യമാക്കാമോ ;

(ജെ) ഈ ഉത്തരവ് അനുസരിച്ച് കടയ്ക്കോട് മരുതിക്കോട് കനാൽ റോഡിന്റെ പണി കഴിവതും വേഗം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 16-12-1999 ന് സ്ഥലം എം.എൽ.എ. കത്ത് നൽകിയിരുന്നോ ;

(കെ) ഇതിൻമേൽ സർക്കാർ ഉത്തരവ് പ്രകാരം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി എം.എൽ.എ.യെ അറിയിച്ചിരുന്നുവോ ;

(എൽ) എങ്കിൽ നാളിതുവരെ ഈ റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടിയുണ്ടാകാത്തതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 5-12-1992-ൽ.

(ബി) 3,75,740 രൂപ.

(സി) ശ്രീ.ജോസ് തോമസ്, ജോസ് ബംഗ്ലാവ്, പിടവൂർ പി.ഒ., പത്തനാപുരം.

(ഡി) പൂർത്തീകരിച്ചില്ല.

(ഇ) അധികവേലകളുടെ എസ്റ്റിമേറ്റിന് സർക്കാർ അംഗീകാരം നൽകുമെന്നുള്ള പ്രതീക്ഷമൂലം കരാറുകാരൻ കാണിച്ച ഉദാസീനതമൂലമാണ് പണിപൂർത്തീകരിക്കാൻ കഴിയാതായത്.

(എഫ്) ഉണ്ട്.

(ജി) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നടപടികൾ എടുത്തു വരുന്നു.

(ഐ) നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.*

(ജെ) നൽകിയിരുന്നു.

(കെ) അറിയിച്ചിരുന്നു.

(എൽ) കരാർ പണി റദ്ദു ചെയ്ത ഉത്തരവ് കൈപ്പറ്റിയ കാരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തതിനെതിരെ സ്റ്റേ സമ്പാദിക്കുകയുമുണ്ടായി. അത് നിലനിൽക്കുകയും ചെയ്യുന്നു.

കടൽ ഭിത്തി കെട്ടുവാൻ കേന്ദ്ര സർക്കാരിന്റെ സഹായം

29 (179) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽഭിത്തി കെട്ടുവാൻവേണ്ടി സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 1991-92 സാമ്പത്തികവർഷം വരെ കേന്ദ്രസഹായം ലഭിച്ചിരുന്നു. അതിനുശേഷം 1995-96 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ അടിയന്തിര തീരസംരക്ഷണ പണികൾക്കുവേണ്ടി 598 ലക്ഷം രൂപ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടുകൂടി കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

കോട്ടയ്ക്കലിൽ കടൽഭിത്തി നിർമ്മാണം

30 (180) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി താലൂക്കിലെ കോട്ടയ്ക്കൽ കടപ്പുറത്ത് കടൽഭിത്തി കെട്ടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

കോട്ടയ്ക്കൽ കടപ്പുറത്ത് സി.പി.സ്റ്റോർ 2459-നും 2465-നും ഇടയിൽ 1 കി.മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 105 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം പണിമാറ്റി വയ്ക്കപ്പെട്ടു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly